(ഇ) ഈ സർക്കാർ കാലയളവിനുള്ളിൽ ഭക്ഷ്യസുരക്ഷാ മേഖലയിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരിൽ കൈക്കൂലി തുടങ്ങി നിയമവിരുദ്ധ പ്രവൃത്തികൾ നടത്തിയതായി കണ്ടെത്തിയിട്ടില്ല.

(എഫ്) അന്യസംസ്ഥാന ഭക്ഷ്യ സാധനങ്ങളുടെ പരിശോധന നടത്താൻ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ മൂന്ന് അനലറ്റിക്കൽ ലാബുകളും കൂടാതെ പത്തനംതിട്ടയിൽ ഒരു ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ലാബുകളിൽ 102 ജീവനക്കാർ ജോലി നോക്കുന്നു. ലാബുകളിലെ ജീവനക്കാരുടെ കുറവ് കണക്കിലെടുത്ത് 6-10-2015-ലെ സ.ഉ (കൈ) 227/15/ആ.ക.വ. പ്രകാരം വിവിധ വിഭാഗങ്ങളിലായി 15 തസ്തികകൾ മൂന്ന് അനലിറ്റിക്കൽ ലാബുകളിലായി സൃഷ്ടിച്ചിട്ടുണ്ട്. അനലിറ്റിക്കൽ ലാബുകൾ ഉൾപ്പെടെ ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുറവിലങ്ങാട് ഭക്ഷ്യ സുരക്ഷാ ഓഫീസിൽ ജീവനക്കാരെ നിയമിക്കുന്നതു സംബന്ധിച്ച്

105(2573) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പ് കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറവിലങ്ങാട് ആരംഭിച്ച ഭക്ഷ്യ സുരക്ഷാ ഓഫീസ് വേണ്ടത്ര ജീവനക്കാർ ഇല്ലാത്തതുമൂലം പ്രവർത്തിക്കാനാകാത്തതായ സ്ഥിതിവിശേഷം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

(ബി) ഇവിടേക്ക് മതിയായ ജീവനക്കാരെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ; പ്രസ്തുത ഓഫീസിൽ പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; ശബരിമല സീസണിൽ അയ്യപ്പഭക്തൻമാരുടെ ഇടത്താവളമായി പ്രവർത്തിക്കുന്ന ഈ പ്രദേശത്തിന്റെ ആവശ്യകത മനസ്സിലാക്കി കൂടുതൽ ജീവനക്കാരെ ഇവിടേക്ക് നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലാ ഫുഡ് സേഫ്റ്റി സർക്കിളിലെ ഉദ്യോഗസ്ഥന് അധിക ചുമതല നൽകി കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ കുറവിലങ്ങാട് ആരംഭിച്ച ഭക്ഷ്യ സുരക്ഷാ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ പുതുതായി അനുവദിച്ച ഫുഡ്സേഫ്റ്റി സർക്കിൾ ഓഫീസുകൾ പ്രവർത്തനസജ്ജമാക്കുന്നതിലേക്കായി അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശബരിമല സീസണിൽ അയ്യപ്പഭക്തൻമാരുടെ ഇടത്താവളമായി പ്രവർത്തിക്കുന്ന ഈ പ്രദേശത്തിന്റെ ആവശ്യകത മനസ്സിലാക്കി ശബരിമല സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly